**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 770** **30-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ തുറമുഖ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഉള്ള കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള പോർട്ട് ബംഗ്ലാവ് കെട്ടിടം വികസനങ്ങൾ വരുത്തി ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള കോഴിക്കോട് ബീച്ചിൽ കോഴിക്കോട് കോർപ്പറേഷനുമായി ചേർന്ന് വാഹന പാർക്കിംഗ് പദ്ധതി സംയുക്ത സംരംഭമായി തുടങ്ങുവാൻ ധാരണയായിട്ടുണ്ട്.<br><br>കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലുള്ളതുൾപ്പെടെ തുറമുഖ വികസനത്തിന് ആവശ്യമുള്ളതല്ലാത്ത കേരളാ മാരിടൈം ബോർഡിന് കീഴിലുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവ പി പി പി മാതൃകയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് ഉപയോഗയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | തുറമുഖ വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറുന്നത് തടയാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള മാരിടൈം ബോർഡിന്റെ പരിധിയിൽ വരുന്ന എല്ലാ വസ്തുവകകളും അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ കീഴിൽ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനു കീഴിൽ പ്രവർത്തിക്കുന്ന Kerala Institute of Hydrographic & Advanced Studies എന്ന സ്ഥാപനത്തെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ